II. അടിയന്തിരപ്രമേയം

കോതമംഗലത്തെ മാർ ബസേലിയസ് ഡെന്റൽ കോളേജിലെ 14 വിദ്യാർത്ഥികളെ പുറത്താക്കിയത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: മാനേജുമെന്റ് ആവശ്യപ്പെട്ട ഉയർന്ന ഫീസ് നൽകാത്തതിനാൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ 14 രണ്ടാംവർഷ ഡെന്റൽ വിദ്യാർത്ഥികളെ ഇന്നലെ കോതമംഗലം മാർ ബസേലിയസ് ഡെന്റൽ കോളേജിൽ നിന്നും പുറത്താക്കിയിരിക്കുന്നു. എല്ലാ നിയമവ്യവസ്ഥകളും ലംഘിച്ചുകൊണ്ട് സ്വാശ്രയ കോളേജ് മാനേജുമെന്റുകൾ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതിൽ സർക്കാർ നിഷ്ക്രിയമായിരിക്കുകയാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലാകെ ഉളവായിരിക്കുന്ന ഉത്ക്കണ്ഠയും അനിശ്ചിതാവസ്ഥയും സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ സാജുപോൾ, പി. എസ്. സുപാൽ, എ. എ. അസീസ്, പി. സി. ജോർജ്ജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, കോതമംഗലം മാർ ബസേലിയസ് ഡെന്റൽ കോളേജിലെ 14 രണ്ടാംവർഷ വിദ്യാർത്ഥികളെ മാനേജ്മെന്റ് ആവശ്യപ്പെട്ട ഒരു ലക്ഷം രൂപ വാർഷിക ഫീസ് നൽകാത്തതിന്റെ പേരിൽ ഇന്നലെ കോളേജിൽനിന്നും പുറത്താക്കിയതായിട്ടാണ് അടിയന്തിര പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. 29-6-2004-ലെ ജി.ഒ. 867/2004 പ്രകാരം കഴിഞ്ഞ വർഷം ബി.ഡി.എസ്.-ന് 12,225 രൂപ നൽകിയാൽ മതി. പക്ഷേ മാർ ബസേലിയസ് ഡെന്റൽ കോളേജിൽ നിന്നും ഇന്നലെ പുറത്താക്കിയതായി പറയുന്ന 14 വിദ്യാർത്ഥികളും കഴിഞ്ഞ വർഷം പ്രവേശനം നേടിയവരല്ല, ഇവർ മൂന്നാം വർഷ വിദ്യാർത്ഥികളാണ്. 2002-2003 വർഷത്തിൽ മെറിറ്റിൽ പ്രവേശനം കിട്ടിയ കുട്ടികളാണ്. അവർക്ക് ബി.ഡി.എസ്.-ന് അന്ന് നിശ്ചയിച്ചിരുന്ന വാർഷിക ഫീസ് ഒരു ലക്ഷം രൂപയാണ്. മൊത്തം പ്രവേശനം ലഭിച്ച 20 വിദ്യാർത്ഥികളിൽ മൂന്ന് വിദ്യാർത്ഥികൾ എസ്.സി/എസ്.ടി. കുട്ടികളാണ്, മറ്റു മൂന്നു വിദ്യാർത്ഥികൾ ഒരു ലക്ഷം രൂപ അടച്ചുകഴിഞ്ഞു. ശേഷിക്കുന്ന 14 വിദ്യാർത്ഥികളും ഒരു ലക്ഷം രൂപ ഫീസ് അടയ്ക്കണമെന്ന് മാനേജുമെന്റ് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇതുവരെ അടച്ചിട്ടില്ല. ഫീസ് അടച്ചതിനുശേഷം ക്ലാസ്സിൽ കയറിയാൽ മതിയെന്ന് മാനേജുമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്, ഇതാണ് വസ്തുത.

ശ്രീ. സാജുപോൾ: സർ, ഈ ഗവൺമെന്റ് മാനേജുമെന്റുകളോട് ആവശ്യപ്പെട്ടത് നിർവ്വഹിക്കാത്തതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് യാതൊരു ഖേദവുമില്ല, മറിച്ച് മാനേജുമെന്റുകൾ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ട ഭീമമായ ഫീസ് അടയ്ക്കലിന്റെ പ്രശ്നത്തിൽ വിദ്യാർത്ഥികൾ മാനേജുമെന്റുകൾക്ക് കീഴടങ്ങിയില്ല എന്നുള്ളതിലാണ് അദ്ദേഹത്തിന് ദു:ഖം. ഇത്തരമൊരു വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ പദവിയിൽ, ആ കസേരയിൽ ഇരിക്കുന്നതുതന്നെ കേരളത്തിന് അപമാനമാണ്. കേരളത്തിലെ ലക്ഷക്കണക്കായ വിദ്യാർത്ഥി മനസ്സുകളോട് ആഭിമുഖ്യം പ്രകടിപ്പിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിലകൊള്ളേണ്ട ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണോ ഇത്? എച്ച്.ഐ.വി. പോസിറ്റീവായ വിദ്യാർത്ഥികളെ പേലും സ്കൂളിൽ പ്രവേശിപ്പിക്കാൻ വേണ്ടി ഒറ്റക്കെട്ടായി നിന്ന നാടാണ് കേരളം. കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്കും അപമാനമല്ലേ ആ 14 വിദ്യാർത്ഥികളെ പുറത്താക്കിയ മാനേജുമെന്റുകളെ ന്യായീകരിക്കുന്ന ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നാണ് എനിക്ക് വളരെ എളിമയോടുകൂടി ചോദിക്കാനുള്ളത്. കോതമംഗലത്തെ ഡെന്റൽ കോളേജ് മാത്രമല്ല, വട്ടപ്പാറയിലെ പി.എം.എസ് ഡെന്റൽ കോളേജ്, അതുപോലെ കാരക്കോണം മെഡിക്കൽ കോളേജ് ഇവിടെയെല്ലാം ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളെ ഇറക്കിവിട്ടിരിക്കുകയാണ്. അതിൽ ഏറ്റവും ഗുരുതരമായ പ്രശ്നം കോതമംഗലം സ്വാശ്രയ ഡെന്റൽ കോളേജിലെ വിദ്യാർത്ഥികളെ കേവലം കോളേജിൽ നിന്നും മാത്രമല്ല ഇറക്കിവിട്ടിരിക്കുന്നത്, അവിടെ ഫീസ് നൽകാത്തതിന്റെ പേരിൽ ആ വിദ്യാർത്ഥികൾ താമസിച്ചിരുന്ന ഹോസ്റ്റലിൽ നിന്നും ഇറക്കിവിട്ടിരിക്കുകയാണ്. ഒരു കുട്ടി എന്തെങ്കിലും തെറ്റുചെയ്താൽ രക്ഷകർത്താക്കൾ വീട്ടിൽ നിന്നും ഇറക്കിവിടും, മുറ്റത്തോ ഇറയത്തോ ഇരുന്നാൽ അവിടേയും സ്വസ്ഥത കൊടുക്കില്ല, പടിക്കകത്തുനിന്നും പുറത്തുകടത്തി പിണ്ഡം വയ്ക്കുന്ന രീതിയിൽ കേരളത്തിലെ വിദ്യാർത്ഥികളോട് പെരുമാറുന്ന മാനേജുമെന്റുകളെക്കുറിച്ച് നമ്മൾ ലജ്ജിക്കുകയല്ലേ ചെയ്യേണ്ടത്? രാജഗിരി കോളേജിൽ എം.ബി.എ. അൺഎയ്ഡഡ് മേഖലയിലേയ്ക്ക് ആക്കിയതിന്റെ പേരിൽ ഗാന്ധിജി യൂണിവേഴ്സിറ്റി പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. എത്ര ലജ്ജാകരമായ അവസ്ഥയാണ്? ഇവിടെ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന പ്രഖ്യാപനം കോതമംഗലം നഞ്ചേലിൽ ആയുർവേദ കോളേജിൽ, മെഡിക്കൽ കോളേജിൽ ഒക്കെവന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയതാണ്, കാലടി ശ്രീശങ്കര കോളേജിൽ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയതാണ്. എവിടെയാണ് ആ ഗവൺമെന്റ് കോളേജുകൾ? എൻട്രൻസ് പരീക്ഷാ കമ്മിഷണർ നടത്തുന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളാണ് ഇവിടെ ഈ ദുരവസ്ഥയ്ക്ക് ഇരയായിട്ടുള്ളത്. അതുകൊണ്ട് ഗവൺമെന്റ് കോളേജിലെ നിരക്കിൽ മാത്രം ഫീസ് കൊടുക്കേണ്ട കുട്ടികളെ ഒരു ലക്ഷം രൂപ കൊടുക്കാൻ മാനേജുമെന്റ് നിർബന്ധിക്കുമ്പോൾ എങ്ങനെയാണ് മുഖ്യമന്ത്രിയുടെ പ്രസ്താവന നടപ്പാവുക? മറ്റു കോളേജിലും സമാനമായ സാഹചര്യം ഉരുത്തിരിഞ്ഞു വരികയില്ലേ? എൻ.ഒ.സി. കൊടുക്കാൻ കട്ടൻ ചായപോലും വാങ്ങിയില്ല എന്നൊക്കെ വളരെയധികം വീമ്പു പറഞ്ഞില്ലേ? ഇവിടെ പുറത്താക്കപ്പെട്ട 14 വിദ്യാർത്ഥികൾ ഒരു ലക്ഷം രൂപ ഫീസ് നൽകാൻ നിർവ്വാഹമില്ലാത്ത, അതുപോലെതന്നെ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ്. സ്വാശ്രയ ബിൽ പാസ്സാക്കുമ്പോൾ പ്രതിപക്ഷത്തുനിന്നും ബഹുമാന്യനായ പ്രതിപക്ഷനേതാവ് സ: വി. എസ്സും, ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. എം. വി. ജയരാജനുമുൾപ്പെടെ ഉന്നയിച്ച ഈ പ്രശ്നം ഗവൺമെന്റ് അവഗണിച്ചതുമൂലമാണ് ഗുരുതരമായ അവസ്ഥ സംജാതമായിട്ടുള്ളത്. അന്ന് ബിൽ പാസ്സാക്കുമ്പോൾ പ്രതിപക്ഷത്തു നിന്നുമടക്കം കൊണ്ടുവന്ന നിരവധി ഭേദഗതികൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിഷ്ക്കരുണം അരിഞ്ഞുതള്ളുകയാണുണ്ടായത്. ഇനി ആ ബിൽ 9-ാം പട്ടികയിൽ പെടുത്തുവാൻ അന്ന് സഹകരിപ്പിക്കാതിരുന്ന പ്രതിപക്ഷത്തോട് സഹകരണം ആവശ്യപ്പെടുന്ന ആ ഒരു മനോഭാവം അങ്ങേയറ്റം ലജ്ജാകരമല്ലേ? പുറത്തേയ്ക്കൊഴുകുന്ന പണം മുഴുവൻ ഈ സംസ്ഥാനത്തുതന്നെ വിനിയോഗിക്കപ്പെടുമെന്നു പറഞ്ഞത് യഥാർത്ഥത്തിൽ ഇപ്പോൾ ചില വ്യക്തികളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും പോകുന്നു. ഇവിടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസാമുദായിക ഏജൻസികളും എം.ഇ.എസ്.-ഉം, എസ്.എൻ.ഡി.പി.-യും എൻ.എസ്.എസ്.-ഉം ക്രിസ്ത്യൻ സമുദായങ്ങളുമെല്ലാം നടത്തുന്നുണ്ട്. എന്നാൽ ഇപ്പോൾ അതിൽ നിന്നെല്ലാം വ്യതിചലിച്ചുകൊണ്ട് അബ്കാരി കോൺട്രാക്ടർമാർക്കും കശുവണ്ടി മുതലാളിമാർക്കും കേരളത്തിലെ കള്ളപ്പണക്കാർക്കും കരാറുകാർക്കും ബ്ലേഡ് മാഫിയകൾക്കുമെല്ലാം തീറെഴുതിക്കൊടുക്കുന്ന ലജ്ജാകരമായ അവസ്ഥ ഇവിടെ ഒരുക്കിയിരിക്കുകയാണ്. യു.ഡി.എഫ്.-ലെ ഉന്നത നേതാക്കളായ ചില വ്യക്തികൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയെപ്പോലുള്ള ചില സ്ഥാപിത താല്പര്യക്കാരെല്ലാം ഇതിന്റെ പിന്നിലുണ്ട്. അതുകൊണ്ട് അഫിലിയേഷൻ റദ്ദാക്കുന്നതടക്കമുള്ള ഗൗരവതരമായ നടപടിയിലേയ്ക്ക് പോകാൻ ഗവൺമെന്റ് തയ്യാറാകണം. വിദ്യാർത്ഥി സംഘടനകൾക്കും മറ്റും സർക്കാർ നൽകിയ ഉറപ്പ് പാലിക്കാൻ തയ്യാറാകാത്ത സാഹചര്യം, കെ.എസ്.യു. ഉൾപ്പെടെയുള്ള സംഘടനാ നേതാക്കന്മാർക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്ന ഗുരുതരമായ പ്രശ്നം ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. തെറ്റുതിരുത്തിയില്ലെങ്കിൽ കേരളത്തിലെ തെരുവോരങ്ങളിൽ രക്ഷകർത്താക്കളും വിദ്യാർത്ഥികളുമെല്ലാം ചേർന്ന് അതിശക്തമായ സമരക്കൊടുങ്കാറ്റ് ഉയർത്തുമെന്ന് ഈ സഭയിൽ മുന്നറിയിപ്പു നൽകുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുകൊണ്ട് ഗൗരവമായ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ജെ. പൗലോസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കോതമംഗലം ഡെന്റൽ കോളേജിലാണ് വിദ്യാർത്ഥികളെ പുറത്താക്കിയ സംഭവമുണ്ടായത്. വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ചും ഫീസ് പിരിക്കുന്നതിനെ സംബന്ധിച്ചും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം ഉണ്ടായിട്ടുള്ള തർക്കങ്ങൾക്കെല്ലാം ഒരു പരിഹാരമെന്നുള്ള രീതിയിൽ, അതിനാവശ്യമായിട്ടുള്ള നിയമനിർമ്മാണം നടത്തിയതിനുശേഷം ഉണ്ടായിട്ടുള്ള സംഭവങ്ങൾ മേലിൽ ഒരു സ്ഥലത്തും ഇനി ആവർത്തിക്കാത്ത രീതിയിലുള്ള നടപടികൾ ശക്തമായി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. ഒരു കോളേജിൽ ഇത്തരമൊരു സംഭവം നേരത്തെ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അത് വീണ്ടും ആവർത്തിച്ചിരിക്കുന്നു. ഇനി പല സ്ഥലത്തും അതു ആവർത്തിക്കാനിടയുണ്ട്. നിയമം പാസ്സാക്കിയതിനുശേഷം, ആ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം, അതിനെതിരായിട്ടുള്ള നടപടികൾ, സർക്കാരിന്റെ എൻ.ഒ.സി.യോടുകൂടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജുമെന്റുകൾ ഒരിക്കലും സ്വീകരിക്കാതിരിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ. ബഹുമാനപ്പെട്ട സാജുപോൾ വേറെ ചില കാര്യങ്ങളും പറഞ്ഞു. അതിനൊന്നും മറുപടി അർഹിക്കുന്നില്ല. കോതമംഗലത്തെ ഡെന്റൽ കോളേജിൽ നിന്നും 14 കുട്ടികളെ പുറത്താക്കി. ഇവർ മൂന്നാം വർഷ വിദ്യാർത്ഥികളാണ്. ഒരു ലക്ഷം രൂപ വീതം ഫീസടയ്ക്കാൻ ഇവർ ബാദ്ധ്യസ്ഥരാണ്. ബഹുമാനപ്പെട്ട സാജുപോൾ അതിനെപ്പറ്റി പറഞ്ഞില്ല. മാനേജുമെന്റുകൾ അനിയന്ത്രിതമായി നീങ്ങുന്നുണ്ടെങ്കിൽ അവരുടെ കാര്യത്തിൽ ശക്തമായും ഇടപെടും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. . . . . (ബഹളം). . . .

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്നു കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിനു അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഇതു സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സമീപനം വളരെ അത്ഭുതകരമാണ്. ഈ പ്രശ്നത്തെ സംബന്ധിച്ച്, നമ്മുടെ നിയമസഭയുടെ വാതിൽക്കൽ വിദ്യാർത്ഥി സംഘടനകൾ നടത്തിയിരുന്ന സമരത്തെ തുടർന്ന് ഗവൺമെന്റും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ 2002 അധ്യയന വർഷത്തെ കുട്ടികൾക്കടക്കം ബാധകമാകത്തക്കതരത്തിൽ ഉത്തരവിറക്കാമെന്നു പറഞ്ഞിരുന്നതാണ്. ഉത്തരവിറക്കിയപ്പോൾ 2002-ലെ കുട്ടികളുടേത് വിട്ടുപോകുകയാണുണ്ടായത്. അതാണ് ഞാൻ അത്ഭുതകരമെന്നു വിശേഷിപ്പിച്ചത്. ഈ കുട്ടികളെ ഇത്ര നിർദ്ദയമായി ഇറക്കി വിട്ട മാനേജുമെന്റിന്റെ നയസമീപനങ്ങളെ ഫലത്തിൽ സപ്പോർട്ടു ചെയ്യുന്ന ഒരു സമീപനം ഗവൺമെന്റ് സ്വീകരിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. അതിനെ സംബന്ധിച്ച് മുഖ്യമന്ത്രി ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതും ആ പ്രഖ്യാപനം തന്നെ നടപ്പിലാക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അഭാവത്തിൽ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കുട്ടികളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് അവർക്ക് ഉറപ്പ് കൊടുത്തിരുന്നതുമാണ്. ആ ഉറപ്പ് പിന്നീട് നടപ്പിലാക്കാതെ വന്നതിന്റെ ഫലമായി വളരെ അസുഖകരമായ സ്ഥിതിഗതികൾ ഇവിടെ ഉണ്ടാകുകയും കുട്ടികളുടെ ഭാഗത്തു നിന്ന് സമരവും പ്രക്ഷോഭങ്ങളും രക്ഷകർത്താക്കളുടെ പിന്തുണയുമെല്ലാം ഉണ്ടാകുകയും ചെയ്തു. ആ തരത്തിലുള്ള ഒരു സ്ഥിതിയിലേയ്ക്ക് ഇനിയും സംസ്ഥാനത്തെ വലിച്ചിഴക്കാൻ ഇടയാകത്തക്ക തരത്തിലുള്ള ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടാക്കരുത്. കോതമംഗലം ഡെന്റൽ കോളേജ് മാനേജ്മെന്റിന്റെ ഈ തെറ്റായ നടപടിയെ നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഭരണപക്ഷത്തു നിന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കൂടി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വിശദമായ ഒരു ചർച്ച തന്നെ ഈ സഭയിൽ നടത്തേണ്ടത് അത്യാവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയാകട്ടെ മാനേജുമെന്റിന്റെ ധിക്കാരപരവും തെറ്റായതുമായ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെ ന്യായീകരിക്കുന്ന തരത്തിലായിപ്പോയി. മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും പ്രഖ്യാപനത്തിൽ ഉറച്ചു നിന്നുകൊണ്ട്, ആ പ്രഖ്യാപനം നടപ്പിലാക്കാൻ തുനിയുകയാണ് വേണ്ടത്. അതിനെ എതിർക്കുന്ന മാനേജുമെന്റിന്റെ ലൈസൻസ് ഗവൺമെന്റിനു ക്യാൻസൽ ചെയ്യേണ്ടി വരും. ആ ഒരു സ്ഥിതി ഉണ്ടാക്കരുത് എന്ന നിലയിലുള്ള ഒരു ശബ്ദമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടായിരുന്നതെങ്കിൽ അവർ വിറച്ചുകൊണ്ട് ഈ കുട്ടികളെ എടുക്കുമായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒന്നുകൂടി ആലോചിച്ച് ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രി ഈ സഭയ്ക്കും നാടിനും നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ മന്ത്രിയുടെ അഭാവത്തിൽ, വിദ്യാഭ്യാസ മന്ത്രിയുടെ പാർട്ടിക്കാരനും നിങ്ങളുടെ പാർട്ടി സെക്രട്ടറിയുമായ വ്യവസായ വകുപ്പുമന്ത്രി കുട്ടികളുമായി നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, അതിനെ മാനിച്ചുകൊണ്ടുള്ള ഒരു മറുപടി അങ്ങയിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അതാണ് ഈ സംസ്ഥാനത്തെ കുട്ടികളാകെ, രക്ഷകർത്താക്കളാകെ പ്രത്യാശയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്. മാനേജുമെന്റും ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ നിങ്ങൾ എവിടെ നിൽക്കുന്നു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതുകൊണ്ട് ഈ സഭയ്ക്കു നൽകിയ ഉറപ്പിന്റെ കൂടെ, സംസ്ഥാനത്തെ ജനങ്ങൾക്കു നൽകിയ ഉറപ്പിന്റെ കൂടെ അങ്ങും ഒരു ഉറപ്പു നൽകണം എന്നു ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ നിലപാട് എന്താണെന്നു കൂടി മനസ്സിലാക്കിയിട്ടുവേണം ഞങ്ങൾ എന്തു ചെയ്യണമെന്നു നിശ്ചയിക്കാൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞ കാര്യങ്ങൾ വച്ചു നോക്കുകയാണെങ്കിൽ വിദ്യാഭ്യാസ രംഗത്ത് അനിശ്ചിതത്വം തുടരുകയാണെന്നു നമുക്കു തോന്നും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിശദമായി ബില്ലിന്റെ ചർച്ചാവേളയിലും അതിനു മുമ്പും സ്വാശ്രയ മെഡിക്കൽ കോളേജുകളേയും എൻജിനീയറിംഗ് കോളേജുകളേയും സംബന്ധിച്ച് വിശദീകരണം നടത്തിയതാണ്. അതിൽ നിന്നും വ്യത്യസ്തമായി ഞാൻ ഒരു നിലപാടും എടുത്തിട്ടില്ല. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയും ആ നിലപാടു തന്നെയാണ് എടുത്തത്. ഇപ്പോൾ കോതമംഗലം മാർബസേലിയസ് ഡെന്റൽ കോളേജിൽ ഉണ്ടായി എന്നു പറയുന്ന സംഭവം, ഈ വിദ്യാർത്ഥികൾ ഒരു ലക്ഷം രൂപ ഫീസടക്കാൻ ബാദ്ധ്യസ്ഥരാണ്. കഴിഞ്ഞ കൊല്ലം ഫസ്റ്റ് ഇയറിൽ ഫീസായി ഒരു ലക്ഷം രൂപ അടയ്ക്കണമെന്ന് ഗവൺമെന്റും മാനേജുമെന്റും തമ്മിൽ ഉണ്ടാക്കിയ ധാരണയിൽ തീരുമാനിച്ചതാണ്. ഈ വിദ്യാർത്ഥികൾ മൂന്നാം വർഷ വിദ്യാർത്ഥികളാണ്. .....(ബഹളം)..... ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെട്ട അവസരത്തിൽ ഞാൻ വിശദമായി അന്വേഷിച്ചപ്പോൾ ലഭിച്ച വിവരങ്ങളാണ് പറയുന്നത്. അതിൽ നിന്നും വ്യത്യസ്തമായി ഒരു കാര്യവും ഇവിടെ പറഞ്ഞിട്ടില്ല. ഫീസടച്ചതിനുശേഷം ക്ളാസ്സിൽ കയറിയാൽ മതിയെന്നാണ് മാനേജുമെന്റ് പറഞ്ഞത്. മാനേജുമെന്റുകൾ ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്നുണ്ടെങ്കിൽ, അവർ ധിക്കാരപരമായ നിലപാടു സ്വീകരിക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി വീക്ഷിക്കുമെന്ന് ഉറപ്പു നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വളരെ നിർഭാഗ്യകരമായിപ്പോയി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടി. ഈ പ്രശ്നം തുടങ്ങുന്നതുതന്നെ 2002-ൽ ആണ്. 2003-ലെ ഉത്തരവു മാത്രമേ ഗവൺമെന്റ് അന്നു എടുത്തിട്ടുള്ളൂ എന്നു മനസ്സിലാക്കിയിട്ടാണ് കുട്ടികൾ വീണ്ടും സ്ട്രഗിളിലേയ്ക്കു പോയതും പിന്നീട് ഒത്തുതീർപ്പിനു വിധേയമായതുമെല്ലാം. ഈ പ്രശ്നത്തിൽ, ഗവൺമെന്റ് പ്രഖ്യാപനത്തിൽ ഒരുമിച്ചു നിൽക്കാൻ കൂട്ടാക്കാത്ത മാനേജുമെന്റുകളുടെ ധിക്കാരപരമായ നയസമീപനത്തിനെതിരെ, കുട്ടികളേയും രക്ഷകർത്താക്കളേയും കൊള്ള ചെയ്യാൻ അനുവദിക്കുന്ന ഗവൺമെന്റിന്റെ നയസമീപനത്തെ അനുകൂലിക്കുവാൻ നിർവാഹമില്ലാതെ വന്നിരിക്കുന്നതുകൊണ്ട് ഞങ്ങൾ ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഈ സഭയിൽ നിന്നും വാക്കൗട്ടു ചെയ്യുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഇവിടെ ഉന്നയിക്കുന്ന കാര്യങ്ങൾ വ്യക്തമായി . മനസ്സിലാക്കണം. 2002-03-ലെ വിദ്യാർത്ഥികൾ 2003 മാർച്ചു 14-നാണ് പ്രവേശനം നേടുന്നത്. 2002-03-ലെ പ്രവേശനത്തിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടുന്നത് 2003 മാർച്ച് 14-നാണ്. കാരക്കോണം കോളേജിലെ വിഷയം വന്നപ്പോഴും വട്ടപ്പാറ കോളേജിന്റെ വിഷയം വന്നപ്പോഴും ഞങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഭരണകക്ഷിയിലുള്ള രണ്ട് എം.എൽ.എ.-മാർ, ശ്രീ. തമ്പാനൂർ രവിയും ശ്രീ. വി. ജെ. പൗലോസും അതു തന്നെയാണ് ചൂണ്ടിക്കാണിച്ചത്. ഇവിടെ മാനേജുമെന്റിനുവേണ്ടി വാദിക്കുന്ന ഒരു വക്കീലായി സൂപ്പി വക്കീൽ മാറുകയല്ലേ ചെയ്യുന്നത്? മാനേജുമെന്റിനുവേണ്ടിയാണോ നിങ്ങൾ വാദിക്കേണ്ടത്? വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും വേണ്ടിയല്ലേ വാദിക്കേണ്ടത്? മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മാനേജുമെന്റ് പറയുന്ന ഫീസ് കൊടുക്കണം എന്നു വാദിക്കാൻ നിങ്ങൾക്ക് എങ്ങനെ മനസ്സു വരുന്നു? ആ കുട്ടികളെ പുറത്താക്കി, മാനസികമായി പീഡിപ്പിക്കുന്നു. ഇതിന്റെ പേരിൽ കുട്ടികളും രക്ഷകർത്താക്കളും അപകടകരമായ വിധത്തിൽ ഏതെങ്കിലും ദുരന്തങ്ങൾക്കു വിധേയരായാൽ, നിങ്ങൾക്കെന്തു ചെയ്യാനാകും? അതുകൊണ്ട് ഇപ്പോൾ നിങ്ങൾ ഇറക്കിയ ഉത്തരവ്, 2002-03 എന്നു കൃത്യമായി ആ ഉത്തരവ് ഭേദഗതി ചെയ്ത് ഇറക്കിയാൽ, ഈ കുട്ടികൾക്കെല്ലാം, മെറിറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്, ഉയർന്ന മാർക്കു നേടി മെറിറ്റിൽ വന്ന വിദ്യാർത്ഥികൾക്ക്, ഗവൺമെന്റ് നിശ്ചയിച്ച ഫീസ് കൊടുത്ത് ആ കോളേജിൽ തുടർന്നാലല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചതുപോലെ രണ്ട് സ്വാശ്രയകോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് ആകൂ. അല്ലാതെ മാനേജുമെന്റ് സീറ്റിൽ, പേമെന്റ് സീറ്റിൽ പ്രവേശനം നേടിയ കുട്ടികളുടെ കാര്യമല്ല പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പരിശോധിക്കണം. ആ ഉത്തരവിൽ ഭേദഗതി വരുത്തിയാൽ, അതു കുട്ടികൾക്കു വളരെയേറെ ഗുണകരമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെയാണെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പല മാനേജുമെന്റുകൾക്കും കുട്ടികളുടെ കയ്യിൽ നിന്നും ഉയർന്ന ഫീസ് വാങ്ങാനുള്ള ഒരു അനുമതി ഈ സർക്കാർ കൊടുക്കുന്നു എന്ന മട്ടിൽ, കോളേജുകളിലൊക്കെ കുട്ടികളെ പീഡിപ്പിക്കാൻ ഇതു ഇടവരുത്തും. ഇവിടെ ഈ ചർച്ച നടക്കുന്ന അവസരത്തിൽ പല കോളേജുകളിലും മെറിറ്റ് സീറ്റ് നേടിയ വിദ്യാർത്ഥികളിൽ നിന്ന് ഗവൺമെന്റ് നിശ്ചയിച്ച ഫീസുവാങ്ങാൻ മാനേജുമെന്റുകാർ നിർബന്ധിതരായി. ഇല്ലെങ്കിൽ ഈ കുട്ടികളിൽ നിന്നും ഉയർന്ന ഫീസ് വാങ്ങുമായിരുന്നു. അതുകൊണ്ട് ഇവിടെ നടക്കുന്ന ചർച്ച, ഗവൺമെന്റെടുക്കുന്ന നിലപാട്, ഞങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങളിൽ നിങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്താനുള്ള സത്യസന്ധതയും ആർജ്ജവവും കാണിക്കണം. അല്ലാതെ മാനേജുമെന്റുകൾക്കു വേണ്ടി വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും എതിരായി നിൽക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

ഡോ. എ. നീലലോഹിത ദാസൻ നാടാർ : സർ, ഈ സഭതന്നെ പാസ്സാക്കിയ നിയമത്തിന്റെ സ്പിരിറ്റിനെതിരായിട്ടാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. കോതമംഗലത്തെ കോളേജിൽ മാത്രമല്ല മറ്റ് കോളേജുകളിലും മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ കുട്ടികളെ മാനേജുമെന്റ് നിർദ്ദേശിക്കുന്ന ഫീസ് കൊടുക്കാത്തതുകൊണ്ട് ഇറക്കിവിടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ മാത്രമേ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന ഇടവരുത്തുകയുള്ളുവെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. നേരത്തെ ഇതുപോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടപ്പോൾ സ്വീകരിച്ചതിൽ നിന്നും വഴുതി മാറുന്ന ഒരു സമീപനമാണ് ഇവിടെ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം സ്വകാര്യ സ്വാശ്രയ കോളേജിന്റെ മുൻപിൽ ഗവൺമെന്റ് മുട്ടുകുത്തിയിരിക്കുകയാണ് എന്നാണ്. ഈ സഭ പാസ്സാക്കിയ, ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു നിയമം പോലും അംഗീകരിക്കാതെ മാനേജുമെന്റിന്റെ മുൻപിൽ ആലിലപോലെ വിറയ്ക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇതുമൂലം കൂടുതൽ പ്രശ്നങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാൻ പോകുകയാണ്. ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് സഭ ചർച്ച ചെയ്യണം. ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരുമായി ചർച്ചചെയ്ത് ഓരോരുത്തരും അവരവരുടെ നിലപാടുകൾ വ്യക്തമാക്കേണ്ടതാണ്. അതിനു തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാർ സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസ്സീസ് : സർ, സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കുന്ന ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസ്സീസ് സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, ശബരിമലയുടെ കവാടമെന്നറിയുന്നത് എരുമേലി പ്രദേശമാണ്. എരുമേലി പ്രദേശം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. കേരളത്തിലെ മതമൈത്രിയുടെ ഈറ്റില്ലമെന്നറിയപ്പെടുന്ന പ്രദേശമാണ് ഇത്. ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർ ശബരിമലയിൽ എരുമേലിയിലൂടെ പേട്ടതുള്ളൽ നടത്താറുണ്ട്. പേട്ടതുള്ളുന്ന അയ്യപ്പഭക്തൻമാർ ആദ്യം കൊച്ചമ്പലത്തിലും പിന്നീട് മുസ്ലീം വാവർ പള്ളിയിലും നേർച്ചകളർപ്പിച്ചതിനുശേഷം വിലയമ്പലത്തിൽ ചെന്നാണ് പേട്ട തുള്ളൽ അവസാനിപ്പിക്കുന്നത്. ഇങ്ങനെയുള്ള അഭൂതപൂർവ്വമായ ഒരു ചടങ്ങ് ലോകത്തിന്റെ മറ്റൊരു ഭാഗത്തുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഈ പേട്ട തുള്ളൽ കടന്നു പോകുന്നത് എരുമേലി ടൗണിന്റെ ഹൃദയ ഭാഗത്തുള്ള സ്റ്റേറ്റ് ഹൈവേയിലൂടെയാണ്. ഈ ഹൈവേ ഏതാണ്ട് 150 കിലോമീറ്ററോളം ദൈർഘ്യമുള്ളതാണ്. ഈ സ്ഥലത്തുകൂടെ സീസൺ സമയമായ നവംബർ മാസം ഒന്നാം തീയതി മുതൽ ജനുവരി പകുതിവരെ ലക്ഷക്കണക്കിന് അയ്യപ്പ ഭക്തൻമാരാണ് കൂട്ടം കൂട്ടമായി പേട്ട തുള്ളൽ എന്ന പുണ്യ ചടങ്ങ് നടത്തുന്നത്. ഈ ചടങ്ങ് നടക്കുമ്പോൾ വാഹനങ്ങൾ അതുവഴി പോകാതെ മറ്റു വഴിയിൽക്കൂടി പോകാൻ ബുദ്ധിമുട്ടുണ്ട്. വാഹന ഗതാഗതം വർദ്ധിച്ചു വരുന്നതുകൊണ്ട് പേട്ട തുള്ളുന്ന അയ്യപ്പ ഭക്തൻമാർക്ക് അവരുടെ ജീവൻ പണയംവച്ചു മാത്രമേ ഈ പുണ്യകർമ്മം നിർവഹിക്കാൻ കഴിയുന്നുള്ളു. അനേക വർഷങ്ങളായി ഇവിടെ പലപല വാഹനാപകടങ്ങളുണ്ടായിട്ടും ഈ റോഡ് പൂർണ്ണമായി വാഹനവിമുക്തമാക്കിയിട്ടില്ല. അതുകൊണ്ട് ഈ റോഡ് പൂർണ്ണമായും വാഹനവിമുക്തമാക്കി ഇതൊരു Holy Path-ആയി പ്രഖ്യാപിക്കണമെന്ന് നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യവശാൽ പല കാരണങ്ങൾകൊണ്ട് ഇതുവരെ Holy Path-ആയി പ്രഖ്യാപിക്കാനുള്ള സാഹചര്യമുണ്ടായിട്ടില്ല. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾകൊണ്ട് അധികൃതരുടെ ബുദ്ധിപരമായ ഇടപെടലുകൾ കാരണം വലിയ സംഘർഷമൊഴിവാക്കാനുള്ള സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇന്നും ആ നില ഗുരുതരമായി തുടരുകയാണ്. ഇനിയും ആ നില തുടരുകയാണെങ്കിൽ വളരെ അപകടകരമായ സാഹചര്യങ്ങളുണ്ടാകുമെന്ന് ഞാൻ ഭയപ്പെടുകയാണ്. അതുകൊണ്ട് ഇതു പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly